## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.51 — 10.06.2013 ൽ മറുപടിയ്ക്ക്

### പരിസ്ഥിതി ലോല മേഖലാ നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യൂ.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീലാ പ്രകാശം | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) പരിസ്ഥിതി ലോല മേഖലാ നിർണ്ണയം സംബന്ധിച്ച് മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെയും കസ്തൂരിരംഗൻ കമ്മിറ്റിയുടെയും റിപ്പോർട്ടിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(എ) മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ അപ്രായോഗിക ശുപാർശകൾ അംഗീകരിക്കാനാവില്ല എന്നും, വനം-പരിസ്ഥിതി മേഖലകളിലെ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ ജനപങ്കാളിത്തത്തോടുകൂടി സമഗ്രമായ ചർച്ചകൾക്കു ശേഷമേ നടപ്പിലാക്കാനാവൂ എന്നതായിരുന്നു അതിന്മേലുള്ള നിലപാട്.

കസ്തൂരിരംഗൻ കമ്മിറ്റിയിന്മേലുള്ള സർക്കാർ നിലപാട് സർവ്വകക്ഷി സമ്മേളനം നടത്തി അഭിപ്രായങ്ങളറിഞ്ഞശേഷം രൂപീകരിക്കുന്നതാണ്.

(ബി) ഇതു സംബന്ധിച്ച് താരതമ്യ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

| മാധവ് ഗാഡ്ഗിൽ കമ്മിറ്റി | കസ്തൂരിരംഗൻ കമ്മിറ്റി |
|---|---|
| 1.മൂന്ന് പ്രത്യേക പരിസ്ഥിതി ലോല പ്രദേശങ്ങൾ നിശ്ചയിച്ചിരുന്നു. | 1. ഒരു പരിസ്ഥിതി ലോല പ്രദേശം മാത്രം. |
| 2. മൂന്ന് വിധ (ESZ 1,2,3) പരിസ്ഥിതി ലോല പ്രദേശങ്ങൾക്ക് വ്യത്യസ്ത നിയന്ത്രണ നിർദ്ദേശങ്ങൾ | 2. നിയന്ത്രണങ്ങൾ പരിസ്ഥിതി ലോല (ESA) പ്രദേശങ്ങളിൽ ഒന്നു പോലെ ബാധകം. |
| 3. 36 താലൂക്കുകളിലെ 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 546 ഗ്രാമപഞ്ചാ | 3.പ്രത്യേകം എടുത്തു പറയുന്ന 123 വില്ലേജുകൾ പരിസ്ഥിതിലോല (ESA) |

| | |
|---|---|
| യത്തുകൾ പരിസ്ഥിതിലോല പ്രദേശങ്ങളാക്കി. | പ്രദേശങ്ങളാക്കി. |
| 4. പരമ്പരാഗത പശ്ചിമഘട്ട മേഖലകളല്ലാത്ത പ്രദേശങ്ങളും പരിസ്ഥിതിലോല പ്രദേശങ്ങളാക്കി. | 4.പരിസ്ഥിതിലോല പ്രദേശങ്ങൾ പശ്ചിമഘട്ട മേഖലകളിൽ മാത്രമാക്കി. |
| 5.നിയന്ത്രണങ്ങൾ നടപ്പാക്കാനായി പശ്ചിമഘട്ട ആവാസ വ്യവസ്ഥാ അതോറിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചു. | 5. സംരക്ഷണത്തിന് ശാസ്ത്രീയ അടിസ്ഥാനം നൽകാനായി ശാസ്ത്ര സ്ഥാപനങ്ങളുടെയും അക്കാദമികളുടെയും ഒരു വിജ്ഞാന ശൃംഖല രൂപം നൽകാൻ നിർദ്ദേശി ച്ചിട്ടുണ്ട്. |
| 6. ജലവൈദ്യുത പദ്ധതികളും ജലസേചന പദ്ധതികളും സുസാധ്യമല്ലാതാക്കി. അതിരപ്പള്ളി ജലവൈദ്യുതപദ്ധതിക്ക് അനുമതി നിഷേധിച്ചു. | 6. വ്യവസ്ഥകൾ പാലിച്ച് ഇവ നടപ്പാക്കാം.<br>30% പാരിസ്ഥിതിക ആവശ്യത്തിനുള്ള വെള്ളമൊഴുക്ക് സാദ്ധ്യമാകുന്ന പക്ഷം അതിരപ്പള്ളി പദ്ധതിക്ക് വീണ്ടും പരിസ്ഥിതി മന്ത്രാലയത്തോട് അപേക്ഷിക്കാം. |
| 7. ശുപാർശകൾ നടപ്പാക്കുമ്പോൾ സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക ച്ചെലവിനെപ്പറ്റി പരാമർശിച്ചില്ല. | 7. വനസംരക്ഷണം, സംസ്ഥാനത്തിന്റെ കടം ഒഴിവാക്കൽ എന്നിവയ്ക്കായി പ്രത്യേക കേന്ദ്ര സഹായം തേടാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 8. ഭൂവിനിയോഗം, ജനിതകമാറ്റം വരുത്തിയ വിത്തുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, മാലിന്യസംസ്ക്കരണം, കൃഷി, ജലവിഭവം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം (സർക്കാർ/സ്വകാര്യം), ജൈവ വൈവിധ്യം, | 8. ഖനനം, പാറമട/ മണലൂറ്റ്, ഊർജ്ജം, വ്യവസായം, മനുഷ്യ ആവാസ കേന്ദ്രങ്ങൾ, മറ്റു പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസനം, റയിൽവേ, സുസ്ഥിര കൃഷി, ടൂറിസം എന്നീ മേഖലകളിൽ പൊതുവായ നിയ |

| | |
|---|---|
| ഖനനം, പാറമട/ മണലൂറ്റ്, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, ഇല്ലാത്തവ, ഊർജ്ജ മേഖല, ഗതാഗതം, ടൂറിസം, വിദ്യാഭ്യാസം, ശാസ്ത്ര-സാങ്കേതികം, വിവര സാങ്കേതികം എന്നീ പ്രത്യേക മേഖലകളിൽ ഓരോ പരിസ്ഥിതിലോല മേഖലകൾക്കും പ്രത്യേകം പ്രത്യേകം നിബന്ധനകൾ നിഷ്ക്കർഷിച്ചിരുന്നു. | ന്ത്രണം നിർദ്ദിഷ്ഠ പരിസ്ഥിതി ലോല മേഖലകളിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| 9. 9x9 ചതുരശ്രകിലോമീറ്റർ വരുന്ന ഗ്രിഡുകളിലായി പശ്ചിമഘട്ട പ്രദേശങ്ങൾ പരിസ്ഥിതി ലോല പ്രദേശങ്ങളാക്കി. | 9. പശ്ചിമഘട്ടത്തിന്റെ 37% മാത്രമാണ് പരിസ്ഥിതി ലോല മേഖല |
| 10. പശ്ചിമഘട്ട വിസ്തൃതി 129037 ചതുരശ്രകിലോമീറ്റർ | 10. വിസ്തൃതി 68245 ചതുരശ്രകിലോമീറ്റർ. |
| 11. അന്യ സംസ്ഥാനങ്ങൾക്ക് പശ്ചിമഘട്ട മേഖലക്കായി സമുദ്ര നിരപ്പിൽ നിന്ന് 500 മീറ്റർ നിശ്ചയിച്ചപ്പോൾ കേരളത്തിന് 150 മീറ്ററാക്കി. | 11. ഇങ്ങനെയൊരു വേറുകൃത്യമില്ല. |

സെക്ഷൻ ഓഫീസർ